(8 pages) **Reg. No. : ..............................**

**Code No. : 30507** **Sub. Code : C 1 MY 81**

B.Com./B.B.A./B.C.A./B.Sc., Computer Science/Information Technology/Software/Costume Design/Fashion Technology/Electronics and Communication/Hotel Management (CBCS) DEGREE EXAMINATION, APRIL 2024.

Fourth Semester

Part I — Malayalam

Paper IV — GADYASAHITHYAM – PROSE LITERATURE

(For those who joined in July 2021-2022)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. മലയാളത്തിലെ ആദ്യത്തെ ചെറുകഥ എന്നറിയപ്പെടുന്നത്

(a) മുതലനായാട്ട് (b) വാസനാവികൃതി

(c) ദ്വാരക (d) ആരാന്റെ കുട്ടി

2. പൂവമ്പഴം രചിച്ചതാര്?

(a) കാരൂർ നീലകണ്ഠപ്പിള്ള

(b) ഇ.വി. കൃഷ്ണപിള്ള

(c) നന്തനാർ

(d) മൂർക്കോത്ത് കുമാരൻ

3. ഇന്ദുലേഖയുടെ രചയിതാവ്

(a) അപ്പു നെടുങ്ങാടി

(b) ചന്തുമേനോൻ

(c) പോത്തേരി കുഞ്ഞമ്പു

(d) ചെറുവലത്ത് ചാത്തുനായർ

4. സോവിയറ്റ് ഡയറി എന്ന കൃതി ഏതു വിഭാഗത്തിൽപ്പെടുന്നു?

(a) നിരൂപണം (b) സഞ്ചാരസാഹിത്യം

(c) ജീവചരിത്രം (d) നോവൽ



Nesamony Memorial Christian College, Marthandam

5. ആദ്യത്തെ യാത്രാവിവരണഗ്രന്ഥം എന്നറിയപ്പെടുന്നത്

(a) കാശിയാത്രാ റിപ്പോർട്ട്

(b) വർത്തമാനപ്പുസ്തകം

(c) രാമേശ്വരയാത്ര

(d) ഊർസ്ലോം യാത്രാവിവരണം

6. എൻ.എസ്. മാധവൻ എഴുതിയ പ്രശസ്തമായ ചെറുകഥ

(a) മരപ്പാവകൾ (b) ഹിഗ്വിറ്റ

(c) ജന്മദിനം (d) ചിദംബരം

7. ചിതയിലെ വെളിച്ചം എന്ന കൃതിയുടെ രചയിതാവ്

(a) എം.എൻ. വിജയൻ

(b) സുകുമാർ അഴീക്കോട്

(c) കെ.പി. അപ്പൻ

(d) എം.പി. ശങ്കുണ്ണിനായർ



8. ചെറുകഥാപ്രസ്ഥാനം എന്ന കൃതി എഴുതിയതാര്?

(a) എം.പി. പോൾ

(b) എ. ശ്രീധരമേനോൻ

(c) വി. രാജകൃഷ്ണൻ

(d) എൻ. കൃഷ്ണപിള്ള

9. കൊഴിഞ്ഞ ഇലകൾ എന്ന ആത്മകഥ ആരുടേതാണ്?

(a) സി. കേശവൻ

(b) വി.ടി. ഭട്ടതിരിപ്പാട്

(c) ജോസഫ് മുണ്ടശ്ശേരി

(d) സുകുമാർ അഴീക്കോട്

10. താഴെക്കൊടുത്തിരിക്കുന്നതിൽ പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥ ഏതാണ്?

(a) ആരോടും പരിഭവമില്ലാതെ

(b) എന്റെ ജീവിതയാത്ര

(c) കവിയുടെ കാല്പാടുകൾ

(d) ജീവിതസമരം

## PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) ആദ്യകാലനോവലെന്ന നിലയിൽ ഇന്ദുലേഖയിൽ കാണാൻ കഴിയുന്ന സവിശേഷതകൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) ജയിലറുമായി ബഷീറിനുള്ള ബന്ധം എടുത്തുകാണിക്കുന്ന സന്ദർഭങ്ങൾ എടുത്തെഴുതുക.

12. (a) ഉതുപ്പാന്റെ കിണർ എന്ന കഥയിലെ ഉതുപ്പാന്റെ സ്വഭാവസവിശേഷതകൾ നിരൂപിക്കുക.

അല്ലെങ്കിൽ

(b) കൃഷ്ണഗാഥ എന്ന കഥയിൽ സ്ത്രീകളെക്കുറിച്ച് വിവരിക്കുന്ന കാര്യങ്ങൾ എന്തെല്ലാം ?

13. (a) ഗുരുസ്മരണ എന്ന കൃതിയുടെ പ്രത്യേകതകൾ വിശദമാക്കുക.

അല്ലെങ്കിൽ

(b) സ്മരണകൾ എന്ന വിഭാഗത്തിലെ കൃതികൾ ഏതെല്ലാം സവിശേഷതകളിലൂടെ ശ്രദ്ധേയമാകുന്നു ?



14. (a) യാത്രാനുഭവങ്ങൾ മാറിവരുന്ന കാലത്ത് പ്രയോജനപ്പെടുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) ഹൈമവതഭൂവിൽ എന്ന കൃതിയിലെ അഞ്ചാമത്തെ അധ്യായം - ചുരുക്കിയെഴുതുക.

15. (a) ഉപന്യാസം എന്നാലെന്ത്? ഇത് തയ്യാറാക്കേണ്ടതെങ്ങനെ?

അല്ലെങ്കിൽ

(b) മാധ്യമങ്ങളെക്കുറിച്ചുള്ള എം.എൻ. വിജയന്റെ അഭിപ്രായം ചുരുക്കിയെഴുതുക.

## PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) മനുഷ്യന്റെ വികസനസങ്കല്പം പ്രകൃതിയെ ചൂഷണം ചെയ്യുന്നതാണ് - ഉതുപ്പാന്റെ കിണറിനെ ആസ്പദമാക്കി വിശദമാക്കുക.

അല്ലെങ്കിൽ

(b) സ്ത്രീകളോട് ആദരവ് പ്രകടിപ്പിക്കുന്ന പുരുഷനും ആദരണീയമായ പദവിയിൽ ഇരുന്നുകൊണ്ട് ലൈംഗികോപകരണമായി സ്ത്രീയെ കാണുന്ന പുരുഷനും കൃഷ്ണഗാഥയിലുണ്ട് - പരിശോധിക്കുക.



*Nesamony Memorial Christian College, Marthandam*

17. (a) മലയാളത്തിലെ ആത്മകഥാസാഹിത്യത്തെക്കുറിച്ചുപന്യസിക്കുക.

അല്ലെങ്കിൽ

(b) ആത്മകഥ, ജീവചരിത്രം, സ്മരണ എന്നിവ തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

18. (a) മലയാളത്തിലെ നോവലുകളുടെ ആദ്യകാലത്തെക്കുറിച്ച് ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) മതിലുകൾ യാഥാസ്ഥിതികമായ കാഴ്ചപ്പാടുകൾ പലതും നിരസിക്കപ്പെടുന്നതായി കാണാം - ചർച്ച ചെയ്യുക.

19. (a) സഞ്ചാരസാഹിത്യകൃതികളുടെ പ്രത്യേകതകൾ പഠിക്കാനുള്ള കൃതിയെ ആസ്പദമാക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) എം.പി. വീരേന്ദ്രകുമാറിന്റെ ഹൈമവതഭൂവിൽ എന്ന കൃതിയെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?



20. (a) മലയാള കഥാസാഹിത്യലോകത്ത് കാരൂർ നീലകണ്ഠപിള്ളയ്ക്കുള്ള സ്ഥാനമെന്ത്?

അല്ലെങ്കിൽ

(b) മനസ്സും മാധ്യമങ്ങളും എന്ന ലേഖനത്തിനുള്ള പ്രസക്തിയും പ്രാധാന്യവും ചർച്ച ചെയ്യുക.

---



Nesamony Memorial Christian College, Marthandam